# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.300/PR/PIC/PHQ/14 Date : 11.09.2014

---

## വായ്പയെടുക്കുമ്പോള്‍ പരമാവധി ശ്രദ്ധപുലര്‍ത്തണം

അനധികൃത പണമിടപാട് സ്ഥാപനങ്ങളുടെ കെണിയില്‍പ്പെടാതിരിക്കുന്നതിന്, വിവിധ സ്ഥാപനങ്ങളില്‍ നിന്ന് വായ്പയെടുക്കുമ്പോള്‍ പരമാവധി ശ്രദ്ധപുലര്‍ത്തണമെന്ന് പൊതുജനങ്ങള്‍ക്ക് ഭാരതീയ റിസര്‍വ്വ് ബാങ്കും സംസ്ഥാന ആഭ്യന്തര വകുപ്പും മുന്നറിയിപ്പുനല്‍കി. വായ്പ നല്കുന്ന സ്ഥാപനങ്ങള്‍ പാലിക്കേണ്ട നിയമപരമായ ഉത്തരവാദിത്വങ്ങള്‍ സംബന്ധിച്ചും അറിയിപ്പില്‍ പറയുന്നു.

രജിസ്റ്റര്‍ ചെയ്തിട്ടില്ലാത്ത വായ്പാസംഘങ്ങള്‍, പണം പലിശയ്ക്കു കൊടുക്കുന്നവര്‍, ബ്ലേയിഡ് മാഫിയകള്‍ തുടങ്ങിയ അനൗപചാരിക സ്രോതസ്സുകളില്‍ നിന്നും പരമാവധി അകന്നു നില്‍ക്കണം. ബാങ്കുകളും ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളും (എന്‍.ബി.എഫ്.സി) റിസര്‍വ്വ് ബാങ്കില്‍ രജിസ്റ്റര്‍ ചെയ്തിട്ടുള്ളതാണ്. മറ്റു വായ്പാസ്ഥാപനങ്ങള്‍ കേരളാ മണി ലെന്‍ഡേഴ്സ് ആക്ട് (KML ACT) പ്രകാരം കേരള സര്‍ക്കാരില്‍ രജിസ്റ്റര്‍ ചെയ്യേണ്ടതാണ്. വായ്പ എടുക്കുന്നതിനായി ബാങ്കുകളെയോ, ബാങ്കിങ് ഇതര സ്ഥാപനങ്ങളെയോ (എന്‍.ബി.എഫ്.സി) കെ.എം.എല്‍ ആക്ട് (KML ACT) പ്രകാരം രജിസ്റ്റര്‍ ചെയ്ത സ്ഥാപനങ്ങളെയോ മാത്രം സമീപിക്കണം. റിസര്‍വ്വ് ബാങ്കില്‍ രജിസ്റ്റര്‍ ചെയ്തിട്ടുള്ള എന്‍.ബി.എഫ്.സികള്‍ എല്ലാ ശാഖകളിലും തങ്ങളുടെ രജിസ്ട്രേഷന്‍ സര്‍ട്ടിഫിക്കേറ്റ് പ്രദര്‍ശിപ്പിക്കണം. അതിവേഗ വായ്പകള്‍, കുറഞ്ഞ പലിശനിരക്ക്, മുതലായവ വാഗ്ദാനം ചെയ്തു കൊണ്ടുള്ള തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളില്‍ ആകൃഷ്ടരായി പൊതുജനങ്ങള്‍ വഞ്ചിതരാകരുത്. വായ്പ എടുക്കുന്നതിന് മുന്‍പ് അത് സംബന്ധിച്ച പലിശ നിരക്ക് ഉള്‍പ്പെടെയുള്ള എല്ലാ നിബന്ധനകളും വ്യവസ്ഥകളും നല്ലവണ്ണം വായിച്ച് വ്യക്തമായി മനസ്സിലാക്കണം.

റിസര്‍വ്വ് ബാങ്കില്‍ രജിസ്റ്റര്‍ ചെയ്തിട്ടുള്ള എന്‍.ബി.എഫ്.സികള്‍ (എന്‍.ബി.എഫ്.സി - മൈക്രോ ഫിനാന്‍സ് സ്ഥാപനങ്ങള്‍ ഒഴികെ) നല്കുന്ന വായ്പകളുടെ പലിശ നിരക്കുകള്‍ റിസര്‍വ്വ് ബാങ്ക് നിശ്ചയിക്കുന്നതോ നിയന്ത്രിക്കുന്നതോ അല്ല. എന്നിരുന്നാലും വാര്‍ഷിക പലിശ നിരക്കുകള്‍ മറ്റു നിബന്ധനങ്ങള്‍ക്കും വ്യവസ്ഥകള്‍ക്കും ഒപ്പം വായ്പ എടുക്കുമ്പോള്‍ തന്നെ രേഖാമൂലം നല്കുവാനും വായ്പ എടുക്കുന്ന ആളിന് വിശദീകരിച്ച് കൊടുക്കുവാനും എന്‍.ബി.എഫ്.സികള്‍ ബാധ്യസ്ഥരാണ്. എല്ലായ്പ്പോഴും വാര്‍ഷിക പലിശ നിരക്ക് എത്രയാണെന്ന് പരിശോധിച്ച് അത് വളരെ ഉയര്‍ന്നതല്ല എന്നുറപ്പു വരുത്തണം. റിസര്‍വ്വ് ബാങ്കില്‍ രജിസ്റ്റര്‍ ചെയ്തിട്ടുള്ള എന്‍.ബി.എഫ്.സികളുടെ ലിസ്റ്റ് റിസര്‍വ്വ് ബാങ്കിന്റെ www.rbi.org.in-->sitemap-->NBFC list എന്ന വെബ്സൈറ്റില്‍ http://rbi.org.in/scripts/BSNBFCList aspx എന്ന ലിങ്കില്‍ ലഭ്യമാണെന്നും അറിയിപ്പില്‍ പറയുന്നു.

ബ്ലെയ്ഡ് മാഫിയയെയും അനധികൃത പണമിടപാടുസ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ആഭ്യന്തര അഡീഷണല്‍ ചീഫ് സെക്രട്ടറിയുമായി തിരുവനന്തപുരം റിസര്‍വ്വ് ബാങ്ക് ജനറല്‍ മാനേജര്‍ നടത്തിയ ചര്‍ച്ചയെത്തുടര്‍ന്നാണ് ഇത്തരമൊരു മുന്നറിയിപ്പ് പൊതുജനങ്ങള്‍ക്കായി നല്‍കുന്നത്.

**********